**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2227.** 05.05.2017 ന് മറുപടിയ്ക്ക്

**മദ്യവില്പന കേന്ദ്രങ്ങൾ പൂട്ടേണ്ടി വന്നതുമൂലം നികുതിയിനത്തിൽ വന്ന കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, അൻവർ സാദത്ത്<br>,, എൽദോസ് കുന്നപ്പിള്ളി<br>,, അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, പാതയോരത്തെ മദ്യവില്പന കേന്ദ്രങ്ങൾ പൂട്ടേണ്ടി വന്നതുമൂലം പ്രതിവർഷം നികുതിയിനത്തിൽ എത്ര കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | ബഹു:സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് ദേശീയ/സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിലെ മദ്യവില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കേണ്ടതായി വന്നു. എന്നാൽ എല്ലാ മദ്യവില്പനശാലകളും മാറ്റി സ്ഥാപിക്കുവാൻ കഴിയാത്തതിനാൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവിൽ പ്രതിദിനം 4.56 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതേ അവസ്ഥ തുടരുകയാണെങ്കിൽ കെ.എസ്.ബി.സി.യുടെ വിറ്റ് വരവിൽ 2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം 1700 മുതൽ 2000 കോടി രൂപയുടെ കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബഹു:സുപ്രീംകോടതി വിധിപ്രകാരം 01.04.2017 മുതൽ പ്രവർത്തിക്കാൻ കഴിയാതെയിരിക്കുന്ന മദ്യഷാപ്പുകൾ, ബാറുകൾ തുടങ്ങിയവ തുടർന്നും മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വരുകയാണെങ്കിൽ ലൈസൻസ് ഫീസ് ഇനത്തിൽ സർക്കാരിന് ഉദ്ദേശം 35 കോടിയിലധികം രൂപയുടെ നഷ്ടവും ഉണ്ടാകുവാനിടയുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നാഷണൽ ഹൈവേയായിരുന്ന റോഡുകൾ ജില്ലാ റോഡുകളായി മാറിയതിന്റെ അടിസ്ഥാനത്തിൽ, കോടതിയുടെ ഇടപെടൽ മൂലം പൂട്ടിയ എത്ര ബാർ /ബീയർ-വൈൻ പാർലറുകൾക്ക് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുവാൻ അനുവാദം നൽകി എന്ന് വ്യക്തമാക്കുമോ? | (ബി) | നാഷണൽ ഹൈവേയായിരുന്ന റോഡുകൾ സംസ്ഥാനത്ത് ജില്ലാ റോഡുകളാക്കി മാറ്റിയിട്ടില്ല. ബഹു:സുപ്രീംകോടതിയുടെ വിധിന്യായ പ്രകാരം ദേശീയ സംസ്ഥാന പാതയോരങ്ങളിലുണ്ടായിരുന്ന മദ്യശാലകൾ മാറ്റി സ്ഥാപിക്കേണ്ടതായി വന്നിട്ടുണ്ട്. ദേശീയ/സംസ്ഥാന പാതകൾ സംബന്ധിച്ച് ബഹു: ഹൈക്കോടതിയുടെ വിധിന്യായങ്ങളെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ് വിശദീകരണം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 4 ബാറുകളും 73 ബിയർ/വൈൻ പാർലറുകളും 9 വിദേശമദ്യ ചില്ലറ വില്പനശാലകളും വീണ്ടും തുറന്നു പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**